# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## മാർത്തോമ്മാ സൺഡേസ്കൂൾ സമാജം പ്രസിഡന്റ്

## ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പായിൽ നിന്നും

സർക്കുലർ നമ്പർ: 11

കർത്താവിൽ പ്രിയരെ,

'യേശുവിങ്കലേക്കു വരിക, എല്ലാ കുട്ടികളെയും യേശുവിങ്കലേക്കു കൊണ്ട് വരിക' എന്ന ലക്ഷ്യത്തോടെ 1905-ൽ ആരംഭിച്ച മാർത്തോമ്മാ സൺഡേസ്കൂൾ സമാജം അതിന്റെ പ്രവർത്തനസരണിയിൽ 120 വർഷം പിന്നിട്ട് ദ്വിതീയ വജ്ര ജൂബിലി നിറവിൽ എത്തിയിരിക്കുന്നു. സഭയുടെ ക്രിസ്തീയ വിദ്യാഭ്യാസ വിഭാഗമായ സൺഡേസ്കൂൾ സമാജത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ വ്യാപരിച്ച ദൈവ കൃപയ്ക്കായി നന്ദി കരേറ്റുന്നു. കുഞ്ഞുങ്ങളെ യേശുവുമായുള്ള സജീവ ബന്ധത്തിലേക്ക് പ്രവേശിപ്പിക്കുകയും, ക്രിസ്തു സാക്ഷികളായി ജീവിക്കുന്നതിന് ഒരുക്കുകയും, വേദപുസ്തക പഠനത്തിൽ തല്പരരാക്കുകയും, വിശ്വാസാചാരങ്ങൾ, അനുഷ്ഠാനങ്ങൾ, പാരമ്പര്യങ്ങൾ എന്നിവ പഠിപ്പിച്ച് സഭയുമായുള്ള ബന്ധത്തിൽ ദൈവാശ്രയത്തിലും സാമൂഹിക അവബോധത്തിലും വളരുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്ന ശുശ്രൂഷ സൺഡേസ്കൂളുകളിലൂടെ നിർവഹിച്ചു കൊണ്ടിരിക്കുന്നു.

മാർത്തോമ്മാ സൺഡേസ്കൂൾ സമാജം വിവിധ രാജ്യങ്ങളിൽ, വിവിധ ഭാഷകളിൽ, വിവിധ സംസ്കാരങ്ങളിൽ ജനിച്ചു വളർത്തപ്പെടുന്ന നമ്മുടെ കുഞ്ഞുങ്ങളുടെ ആധ്യാത്മിക വളർച്ച ലക്ഷ്യമാക്കി യത്നിച്ചുകൊണ്ടിരിക്കുന്നു. വ്യത്യസ്ത സാഹചര്യങ്ങളിൽ വളർത്തപ്പെടുന്ന കുഞ്ഞുങ്ങൾക്ക് ക്രിസ്തുവിനെ കാട്ടി കൊടുക്കുവാനും, യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിക്കത്തക്കവിധത്തിൽ അവരെ നയിക്കാനും ഈ നാളുകളിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കണം. അതോടൊപ്പം കുട്ടികളെ സഭയുമായും, സമാജവുമായും ബന്ധിപ്പിക്കുന്നതിനും നമുക്ക് സാധിക്കണം.

സമാജത്തിന്റെ വിവിധ പ്രവർത്തന പദ്ധതികളായ ആശ്രയ, സുഗന്ധഗിരി, സി. ഇ. സി. ചരൽക്കുന്ന് എന്നിവയുടെ പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി നടന്നുകൊണ്ടിരിക്കുന്നു. കാലാനുസൃതമായി സൺഡേസ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി "ദൈവ സ്നേഹത്തിൽ വളരുക" എന്ന മുഖ്യ ചിന്താവിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഒന്നും രണ്ടും വാല്യം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ദ്വിതീയ വജ്ര ജൂബിലി പരിപാടികളായ വിദ്യാഭ്യാസ സഹായം, മിനിസ്ട്രിരിയൽ ട്രെയിനിംഗ്, യംഗ് മിഷനറി കോൺഫ്രൻസ്, ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളുടെ ഇടയിൽ ഉള്ള പ്രവർത്തനം എന്നീ പദ്ധതികൾ നടത്തുവാൻ ആഗ്രഹിക്കുന്നു.

നവംബർ മാസം 2-ാം തീയതി ഞായറാഴ്ച നാം അഖില ലോക സൺഡേസ്കൂൾ ദിനമായി ആഘോഷിക്കുകയാണല്ലോ. സൺഡേസ്കൂൾ സമാജം പ്രവർത്തകരെയും പ്രവർത്തനങ്ങളെയും ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കുന്നതിനു ആ ദിവസം വേർതിരിക്കണം. അന്നേദിവസം നമ്മുടെ കുട്ടികൾക്കും അദ്ധ്യാപകർക്കും ആരാധനയിൽ പ്രാമുഖ്യം നൽകണം. അതോടൊപ്പം ആ ദിവസത്തെ സ്തോത്രകാഴ്ചയിൽ എല്ലാവരും ഔദാര്യമായി പങ്കുചേരുകയും, സമാജം പ്രവർത്തനത്തിനുള്ള ദൈനംദിന ചിലവുകൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ അവ മുഴുവനായും സമാജം ഓഫീസിൽ അടയ്ക്കുവാൻ ചുമതലക്കാർ ശ്രദ്ധിക്കണം.

നമ്മുടെ കുഞ്ഞുങ്ങളുടെ സൺഡേസ്കൂൾ അഭ്യസനം അവരിൽ ആത്മീയ ദർശനവും ആദർശ ശുദ്ധിയും ദൈവിക ബോധവും വളർത്തുവാൻ ദൈവം ഇടയാക്കട്ടെ.

നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ക്രിസ്താബ്ദം 2025 ഒക്ടോബർ മാസം 1-ാം തീയതി,

കോഴിക്കോട് മാർത്തോമ്മാ സെന്ററിൽ നിന്നും,

**ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ**
സമാജം പ്രസിഡന്റ്

# MALANKARA MAR THOMA SYRIAN CHURCH

**FROM THE PRESIDENT OF THE MAR THOMA SUNDAY SCHOOL SAMAJAM**

**Dr. Mathews Mar Makarios Episcopa**

Circular No. 11

Dearly beloved in Christ,

The Mar Thoma Sunday School Samajam, founded in 1905 with the inspiring vision "Come to Jesus, Bring every child to Jesus," has now completed 120 blessed years of its ministry. The Sunday School Samajam, the Christian Education Wing of the Church, in this Centivintennial Jubilee, thank our gracious Lord for His unfailing love and guidance throughout these years of its service. The Sunday School Samajam, is faithfully fulfilling its mission of bringing children into a living relationship with Jesus Christ while preparing them to be witnesses of Christ. It continues to nurture them by inculcating in them an interest in the study of the Holy Scriptures, and guiding them to understand the customs, liturgical traditions, and faith practices of the Church. The children are being equipped to grow with spiritual maturity depending on God and with social awareness in relation to the Church.

These days, our children grow up in various countries, with diverse languages, and cultures. Therefore, we should focus on showing Christ to them in their own contexts, and lead them to accept Jesus Christ as their personal Lord and Saviour. Along with this, we must also help them remain connected with the Church and Samajam.

We praise God for the continued progress of the Samajam's projects such as Ashraya, Sugandagiri, and the Christian Education Centre (C.E.C.) Charalkunnu. As a result of the revision of the Sunday School curriculum, in accordance with the needs of the present time, Volumes I and II, based on the main theme 'Growing in the Love of God', has been published. As part of the Centivintennial Jubilee celebrations, we also plan to initiate various programmes such as Educational Assistance, Ministerial Training, a Young Missionary Conference, and focused work among Differently-Abled Children.

We will be celebrating the World Sunday School Day on Sunday, November 2nd. Let this day be set apart to remember and pray for the Sunday School Samajam workers and their service. On this day, our children and teachers should be given prominence in the Worship Service. Let every parish participate whole-heartedly in the special offertory for the day, and ensure that the collection is sent in full to the Samajam Office to support its increasing expenses for its day-to-day activities.

May God enable our Sunday Schools to continue to inspire our children with spiritual vision, purity of thought, and divine conscience.

May the grace of our Lord Jesus Christ be with you all.

Dated 1st October 2025
from the Mar Thoma Centre, Calicut.

**Dr. Mathews Mar Makarios Episcopa**
Samajam President

**ലീഡർ :** ലോകമെമ്പാടുമുള്ള സൺഡേസ്കൂളുകൾക്കായും, വിശിഷ്യ പ്രവർത്തനസരണിയിൽ 120 വർഷം പിന്നിടുന്ന മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തിനായും, പ്രസിഡന്റ് ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനി, ജനറൽ സെക്രട്ടറി, ഔദ്യോഗിക ഭാരവാഹികൾ, അസിസ്റ്റന്റ് സെക്രട്ടറി, സ്റ്റാഫ് അംഗങ്ങൾ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ഭദ്രാസന, ഡിസ്ട്രിക്റ്റ്, സെന്റർ പ്രവർത്തകർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്കായും, സൺഡേസ്കൂളിന്റെ ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കായും....

**പ്രതിവാക്യം : ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

## സമർപ്പണ പ്രാർത്ഥന

(എല്ലാവരും ചേർന്ന്)

കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന യേശുവേ, നിന്റെ മക്കളായ ഞങ്ങൾ, നിന്റെ ഇഷ്ടത്തോട് അനുരൂപപ്പെട്ട് ജീവിക്കുവാൻ, ഞങ്ങളുടെ ജീവിതത്തെ തിരുമുമ്പാകെ സമർപ്പിക്കുന്നു. ദിനംതോറും ഞങ്ങളോട് ഇടപെടുന്നവർ, നിന്നോട് ഇടപെട്ടതുപോലെ ധന്യരാകുവാൻ ഞങ്ങളുടെ ജീവിതത്തെ നീ രൂപാന്തരപ്പെടുത്തണമെ. നീ ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്ന കുഞ്ഞുങ്ങൾ ആരും നശിച്ചു പോകാതെ നിന്നിൽ തന്നെ സ്ഥിരപ്പെടുന്നതിന് ഞങ്ങളുടെ ജീവിത വഴികളെ തിരുമുമ്പാകെ സമർപ്പിക്കുന്നു. നിന്റെ കയ്യിലെ ഇണങ്ങിയ ആയുധങ്ങളാക്കി ഞങ്ങളെ തീർക്കേണമേ...

ഞങ്ങളുടെ പ്രാർത്ഥനയെ കേൾക്കേണമേ. ആമേൻ....



# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

## അഖിലലോക സൺഡേസ്കൂൾ ദിനം

**2025 നവംബർ 2, ഞായർ**

**ആരാധന ക്രമം**

(മെത്രാപ്പോലീത്തയുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നത്)

## ആരാധനാഹ്വാനം

യഹോവയെ സ്തുതിപ്പിൻ. യഹോവയെ സ്തുതിപ്പിൻ; സ്വർഗ്ഗത്തിൽനിന്ന് യഹോവയെ സ്തുതിപ്പിൻ; ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ. യുവാക്കളും യുവതികളും, വൃദ്ധന്മാരും ബാലന്മാരും, ഇവരൊക്കെയും യഹോവയുടെ നാമത്തെ സ്തുതിക്കട്ടെ;

**(സങ്കീ. 148: 1,12,13a)**

**പാട്ട്** :

**കൗമ്മാ** :

## പ്രാരംഭ പ്രാർത്ഥന

സർവ്വസൃഷ്ടിയുടെയും നാഥനായിരിക്കെ, ഒരു പൈതലായി ഭൂമിയിൽ ജനിക്കുകയും, ശിശുക്കളെ സ്നേഹിക്കുകയും, ശിശുക്കളെ അനുഗ്രഹിക്കുകയും ചെയ്ത ഞങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവേ, നിന്നെ ആരാധിപ്പാനായി നിന്റെ പൈതങ്ങളാകുന്ന ഞങ്ങളെ ദിനം തോറും ബലപ്പെടുത്തുന്ന നിന്റെ മഹാ സ്നേഹത്തിനായി സ്തുതി. തന്റെ മഹാദയമൂലം പൂർണ്ണ മനുഷ്യനായി ജനിക്കുകയും ജീവിക്കുകയും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ ജീവിക്കുന്നത് എങ്ങനെയെന്ന മാതൃക കാട്ടിത്തരികയും ചെയ്ത ഉത്തമനായ പുത്രനെ ഞങ്ങൾ വന്ദിക്കുകയും, ആ മാതൃകയിൽ ജീവിക്കുവാൻ ഞങ്ങളെ സഹായിക്കുന്ന വിശുദ്ധ റൂഹായെ ഞങ്ങൾ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന ഞങ്ങളുടെ ദൈവമേ, നിന്നോടുള്ള ഭക്തിയിൽ ഞങ്ങളുടെ ജ്ഞാനത്തെ അടിസ്ഥാനമാക്കുവാനും, ആ ജ്ഞാനത്തിലും കൃപയിലും ഞങ്ങൾ വളരുവാനും ഞങ്ങളെ സഹായിക്കേണമേ. സകല സ്തുതിയും മഹത്വവും നിന്റേത് മാത്രമായിരിക്കട്ടെ. ആയത് ഇപ്പോഴും എല്ലായിപ്പോഴും തന്നെ ആമേൻ...

## അനുതാപ പ്രാർത്ഥന

ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറെച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്ന് ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു. **(സങ്കീ 32:5)**

**"സ്നേഹനിധിയായ യേശുവേ, ഞങ്ങളോട് ക്ഷമിക്കേണമേ"** എന്ന് പ്രതിവാക്യമായി പറയാം.

**ലീഡർ** : നിന്റെ കൃപയിൽ വളരുവാൻ നീ ഞങ്ങളെ വിളിച്ചിട്ടും, ചേർത്തുപിടിച്ചിട്ടും, പലപ്പോഴും അതിനോട് മറുതലിച്ച് നിനക്ക് ഇഷ്ടമില്ലാത്ത വഴികളിലൂടെ നടന്ന ഞങ്ങളുടെ തെറ്റുകളെ ഓർത്ത് അനുതപിക്കുന്നു. ഞങ്ങളെ നിന്റെ വഴികളിലേക്ക് തിരികെ കൊണ്ടുവരുവാൻ മാതാപിതാക്കളിലൂടെയും, അദ്ധ്യാപകരിലൂടെയും ഞങ്ങളെ വിളിച്ചിട്ടും, അതിന് ചെവി കൊടുക്കാതെ പോയ കുറവുകളെ.....

**പ്രതിവാക്യം : സ്നേഹനിധിയായ യേശുവേ, ഞങ്ങളോട് ക്ഷമിക്കേണമേ.**

**ലീഡർ** : സൺഡേസ്കൂൾ പഠനത്തിന് ഞങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതിൽ അതിയായ പ്രാധാന്യമുണ്ടെന്നറിഞ്ഞിട്ടും പലപ്പോഴും ഞങ്ങളുടെ അലസത മൂലവും അലംഭാവം മൂലവും സൺഡേസ്കൂൾ അദ്ധ്യയനം അലക്ഷ്യമാക്കി പോയ കുറവുകളെ......

**പ്രതിവാക്യം : സ്നേഹനിധിയായ യേശുവേ, ഞങ്ങളോട് ക്ഷമിക്കേണമേ.**

**ലീഡർ** : ദൈവരാജ്യം ശിശുക്കൾക്കും കൂടി അവകാശപ്പെട്ടതാണ് എന്ന് നീ പഠിപ്പിച്ചിട്ടും, ശിശുവിനെയെന്നപോലെ ദൈവരാജ്യത്തെ കൈക്കൊള്ളാതെ പോയ കുറവുകൾ ഞങ്ങളെ ദുഃഖിപ്പിക്കുന്നു. പലപ്പോഴും നിന്റെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ചുപോയ കുറവുകളെ....

**പ്രതിവാക്യം : സ്നേഹനിധിയായ യേശുവേ, ഞങ്ങളോട് ക്ഷമിക്കേണമേ.**

## സ്തോത്ര പ്രാർത്ഥന

സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്ത്വപ്പെടുത്തുന്നു; തന്റെ നടപ്പിനെ ക്രമപ്പെടുത്തുന്നവനു ഞാൻ ദൈവത്തിന്റെ രക്ഷയെ കാണിക്കും. **(സങ്കീ: 50:23)**

**"ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു"** എന്ന് പ്രതിവാക്യമായി പറയാം.

**ലീഡർ** : സ്നേഹനിധിയായ ദൈവമേ ഞങ്ങളെ സ്നേഹിക്കുന്ന നിന്റെ സ്നേഹത്തിനും, ഞങ്ങൾക്ക് നൽകിയ ധന്യമായ ജീവിതത്തിനും, മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കുമായി ദൈവമേ.....



**പ്രതിവാക്യം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.**

**ലീഡർ** : തെരുവുകളിലലയുന്ന കുഞ്ഞുങ്ങളുടെ ജീവിതം കണ്ട് മനസ്സലിവ് തോന്നി, സൺഡേസ്കൂൾ എന്ന പ്രസ്ഥാനത്തിന് ജന്മം നൽകിയവരുടെ ദർശനങ്ങൾക്കായ്, മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തിന്റെ പ്രവർത്തനങ്ങൾക്കായി, പ്രവർത്തകർക്കായി, ഞങ്ങളുടെ ഇടവകയിലെ സൺഡേസ്കൂളുകൾക്കായി, അദ്ധ്യാപകർക്കായി ദൈവമേ....

**പ്രതിവാക്യം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.**

**ലീഡർ** : ഞങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായും, കുഞ്ഞുങ്ങൾക്ക് വേണ്ടി നടത്തപ്പെടുന്ന ശുശ്രൂഷകൾക്കായും, ശുശ്രൂഷകർക്കായും, വിശേഷിച്ച് സമൂഹത്തിൽ പുറന്തള്ളപ്പെട്ടുപോയ കുഞ്ഞുങ്ങളെ പരിപോഷിപ്പിക്കുവാൻ വ്യക്തികളായും, സഭയായും ഗവൺമെന്റ് തലത്തിലും മറ്റിതര സംവിധാനങ്ങളിലൂടെയും ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങൾക്കായും ദൈവമേ.....

**പ്രതിവാക്യം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.**

## മദ്ധ്യസ്ഥ പ്രാർത്ഥന

**"ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ"** എന്ന് പ്രതിവാക്യമായി പറയാം.

**ലീഡർ** : ജീവിതത്തിൽ അനേകം നന്മകൾ അനുഭവിച്ച് ജീവിപ്പാൻ സാഹചര്യം ഉള്ളപ്പോൾ, അപ്രകാരം സാധിക്കാതെ പോകുന്ന ധാരാളം കുഞ്ഞുങ്ങളെ ഓർക്കുന്നു. ഭക്ഷണം, വെള്ളം, വസ്ത്രം, പാർപ്പിടം വിദ്യാഭ്യാസം തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾ പോലും നിഷേധിക്കപ്പെട്ട് ജീവിക്കുന്ന കുഞ്ഞുങ്ങളേയും ബാലവേലകൾക്കും അടിമ വേലകൾക്കും നിർബന്ധിതരായ കുഞ്ഞുങ്ങളെയും ഞങ്ങൾ ഓർത്ത് പ്രാർത്ഥിക്കുന്നു. അവരുടെ നല്ല ഭാവിക്കായി പ്രാർത്ഥിപ്പാനും, പ്രവർത്തിപ്പാനും ഞങ്ങളെ സഹായിക്കണമേ. കരുണാനിധിയായ കർത്താവേ......

**പ്രതിവാക്യം : ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

**ലീഡർ** : യുദ്ധക്കെടുതികളിലും കലാപാന്തരീക്ഷങ്ങളിലും പാർക്കുന്നവർ, വിശേഷിച്ച് കുഞ്ഞുങ്ങൾ, സർവ്വസ്വവും നഷ്ടപ്പെട്ട് തെരുവിലാക്കപ്പെട്ടവർ, നല്ല ബാല്യം നിഷേധിക്കപ്പെട്ടവർ, ലൈംഗീക ചൂഷണങ്ങൾക്കും മറ്റ് അക്രമങ്ങൾക്കും ഇരയാക്കപ്പെട്ടവർ എന്നിവരെ ഞങ്ങൾ ഓർക്കുന്നു. അവരെ സമൂഹത്തിന്റെ ഉന്നത ശ്രേണിയിലേക്കും, ഉന്നതിയിലേക്കും നടത്തുവാൻ ഞങ്ങളേയും അതിനായി പ്രവർത്തിക്കുന്നവരെയും ബലപ്പെടുത്തണമേ, മനസ്സലിവും മഹാദയയും ഉള്ള കർത്താവേ....

**പ്രതിവാക്യം : ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

been subjected to sexual exploitation and other forms of violence. Strengthen us and those who work for them to lead such people to the main stream of the society, O Lord, who has compassion and great mercy...

**Response: Please hear our prayer.**

**Leader:** Let us pray for Sunday Schools all over the world, and especially for the Mar Thoma Sunday School Samajam, which is completing 120 years of ministry, President Dr. Mathews Mar Makarios Thirumeni, General Secretary, Office Bearers, Assistant Secretary, Staff Members, Managing Committee Members, Diocese, District, Centre Workers, Teachers, and Students, and for all the activities of the Sunday School spread throughout the world, O Lord...

**Response: Please hear our prayer.**

### Dedication Prayer

### (All Together)

**Leader:** O Jesus, who loves us, we, Your children, offer our lives to You to live in harmony with Your will. Make us do Your will. Transform our lives so that those who come into contact with us every day, may be blessed as those who have come into contact with You. We offer our lives to You so that none of the children You have entrusted us would perish but may abide in You. Dear Lord, take us and use us. Make us suitable weapons in Your hands. Hear our prayer. Amen.



## MAR THOMA SUNDAY SCHOOL SAMAJAM

***World Sunday School Day***

**2025, November 02, Sunday**

### Worship Order

(Published with the approval of the Metropolitan)

### Call to Worship

Praise the Lord. Praise the Lord from the heavens; praise him in the heights above. Young men and women, old men and children. Let them praise the name of the Lord, for his name alone is exalted;
**(Psalm 148:1,12,13a)**

**Song** :

**Kauma** :

### Opening Prayer

Our Heavenly Father, the Lord of all creation, who was born on earth as a child, loved children, and blessed them, Praise You for Your great love that strengthens us, Your children, day by day to worship You. We magnify the Precious Son who, by His great mercy, was born and lived as a perfect human, setting an example of how to live in the grace of God and human, and we also glorify the Holy Spirit who helps us live in that example. Our God, who loves children, help us to base our wisdom on our devotion to You, and to grow in that wisdom and grace. All praise and glory be to You alone. So be it now and forever, Amen.

### Confession Prayer

Then I acknowledged my sin to you and did not cover up my iniquity. I said, "I will confess my transgressions to the Lord." And you forgave the guilt of my sin. **(Psalm 32:5)**

Let us respond saying: **"Loving Jesus, please forgive us."**

**Leader:** We repent of our mistakes, that despite Your calling us to grow in Your grace, and holding us close, we have often rebelled against You and walked in ways that You do not like. We repent of our shortcomings, for even though You called us through our parents and teachers to bring us back to Your path, we did not listen to them...

**Response: Loving Jesus, please forgive us.**

**Leader:** For having neglected Sunday School study, often due to our laziness and complacency, despite knowing that Sunday School study is of great importance in transforming our lives…

**Response: Loving Jesus, please forgive us.**

**Leader**: Even though you taught that the Kingdom of God belongs to children, we are saddened for not having accepted the Kingdom of God like a child. For the shortcoming of having strayed often from Your way…

**Response: Loving Jesus, please forgive us.**

### Thanksgiving Prayer

Those who sacrifice thank offerings honour me, and to the blameless I will show my salvation. **(Psalm 50:23)**

Let us respond saying: **"We thank You."**



**Leader:** Loving God, for your love for us, for the blessed life you have given us, for our parents, and for our teachers., O God....

**Response: We thank you.**

**Leader:** For the visions of those who felt compassion for the lives of the children wandering on the streets and gave birth to the Sunday School movement, for the activities of the Mar Thoma Sunday School Samajam, for the staff there, for the Sunday schools in our Parishes, for the teachers, O God...

**Response: We thank you.**

**Leader:** For our educational institutions, for the ministries conducted for children, and especially for all the service that is being carried out by individuals, the church, government, and other institutions, to nurture children who have been marginalized in society, O God...

**Response: We thank you.**

### Intercessory Prayer

Let us respond saying: **"Please hear our prayer."**

**Leader:** We remember the many children who are deprived of the opportunity to experience many good things in life. We remember and pray for those who are denied even basic necessities such as food, water, clothing, shelter and education, and who are forced into child labour and slavery. Help us to pray and work for their better future, O merciful Lord...

**Response: Please hear our prayer.**

**Leader:** We remember those who live in war-torn and conflict-affected areas, especially children who have lost everything and are on the streets, those who have been deprived of a good childhood, those who have